# സർവജനത്തിന്റേയും മഹാസന്തോഷം

## തോമസ് ഫിലിപ്പ് റാന്നി

ലോകത്തിന്റെ അഞ്ചു വൻകരകളിലേയും ജനങ്ങൾ അത്യാഡംബരപൂർവം ആഘോഷിക്കുന്ന പുണ്യദിനമാകുന്നു ക്രിസ്തുമസ്സ്. ലോകത്തിലെ ഏറ്റവും വലിയ ജന്മദിനാഘോഷവും ക്രിസ്തുമസ്സാകുന്നു!

ഭയാനകമായ മരണത്തിൽ നിന്നു മാനവരാശിയെ രക്ഷിച്ച്, അവർക്കു നിത്യജീവനേകുവാൻ സർവലോകത്തിന്റേയും ഉടയവനായ ദൈവം തമ്പുരാൻ സ്വർഗസിംഹാസനം കൈവിട്ട് യഹൂദ്യയിലെ ബെത്‌ലഹേം എന്ന പട്ടണത്തിലെ ഒരു പശുത്തൊട്ടിയിൽ ഒരു സാധുസ്ത്രീയുടെ ഉദരത്തിൽ പരിശുദ്ധാത്മാവിനാൽ ഉരുവായി ഭൂമിയിലേക്കു താണിറങ്ങി വന്നു! മഹോന്നതനായ ദൈവത്തിനു ഭൂമിയിൽ വന്നുപിറക്കാൻ ഒരു വഴിയമ്പലത്തിൽപ്പോലും ഇടം കിട്ടിയില്ല! മറ്റു പല സവിശേഷതകളും ക്രിസ്തുവിന്റെ തിരുപ്പിറവിയ്ക്കുണ്ട്.

യേശുവിന്റെ തിരുഅവതാരത്തെപ്പറ്റി അവൻ ജനിക്കുന്നതിന് അനേകം നൂറ്റാണ്ടുകൾക്കു മുൻപായി ജീവിച്ചിരുന്ന മീഖാ പ്രവാചകൻ ഇങ്ങനെ രേഖപ്പെടുത്തി: 'നീയോ ബേത്‌ലഹേം എഫ്രാത്തേ, നീ യഹൂദാസഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന് അധിപതിയായിരിക്കേണ്ടുന്നവൻ എനിയ്ക്കു നിന്നിൽ നിന്നും ഉത്ഭവിച്ചുവരും. അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നേ.' യെശയ്യാപ്രവാചകനും യേശുവിന്റെ തിരുപ്പിറവിയെപ്പറ്റി ഇങ്ങനെ പ്രവചിച്ചിരുന്നു: 'കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിയ്ക്കും. അവന് ഇമ്മാനുവേൽ എന്നും വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നും വിളിക്കപ്പെടും.'

സർവശക്തനായ ഒരു വലിയ ദൈവത്തേക്കാളുമുപരി കൃപയും കാരുണ്യവുമുള്ള ദൈവവും സമാധാനത്തിന്റെ സ്രോതസ്സുമാകുന്നവൻ. ഒരിറ്റു സമാധാനത്തിനു വേണ്ടി ലോകം ഇന്നു ദാഹിയ്ക്കുന്നു. മനുഷ്യഹൃദയങ്ങളിൽ ഇന്നു സമാധാനമില്ല. ഭവനങ്ങളിലും സംഘടനകളിലും സമ്മേളനങ്ങളിലും ആരാധനാലയങ്ങളിൽപ്പോലും ഇന്നു സമാധാനമില്ല! നിരാശരും ദുഃഖാർത്തരുമായ മാനവരാശിയെ നോക്കി ക്രിസ്തു പറഞ്ഞു, 'എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതു പോലെയല്ല, ഞാൻ നിങ്ങൾക്കു തരുന്നത്' എന്ന്; (യോഹ. 14:27).

ക്രിസ്തുമസ്സ് ലോകത്തിനു നൽകുന്ന അമൂല്യമായ സന്ദേശം സന്തോഷവും സമാധാനവും ആത്മരക്ഷയുമാകുന്നു. 'അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം' എന്നുള്ളതു തന്നെയാണത്. ലോകത്തിൽ ഇന്നു യഥാർത്ഥമായ സമാധാനം അനുഭവിച്ചു ജീവിക്കുന്നവർ ദൈവ ഇഷ്ടം ചെയ്ത് ദൈവാത്മാവിൽ ജീവിക്കുന്നവർ തന്നെയാകുന്നു എന്നുള്ളതിന് ആർക്കും സംശയം വേണ്ട. അവർക്കു പ്രശ്നങ്ങളൊന്നും ഉണ്ടാകയില്ലെന്നു ഞാൻ പറയുകയില്ല. എന്നാൽ അവർക്കു ശുഭാപ്തിവിശ്വാസവും പ്രത്യാശയുമുണ്ട്. സങ്കീർത്തനക്കാരൻ പാടി, 'നിന്റെ സന്നിധിയിൽ സന്തോഷ പരിപൂർണതയും നിന്റെ വലതുഭാഗത്ത് എന്നും പ്രമോദങ്ങളുമുണ്ട്!' മറ്റാരേക്കാളും നല്ലവനും വിശുദ്ധരിൽ അതിവിശുദ്ധനുമാകുന്നവൻ!

ഈ ജീവന്റേയും അവികലമായ ശാന്തിയുടേയും സമാധാനത്തിന്റേയും വഴിയുടെ ദൂതാകുന്നു ക്രിസ്തുമസ്സ് എല്ലാ വർഷവും ലോകത്തിനു പ്രദാനം ചെയ്തുകൊണ്ടിരിയ്ക്കുന്നത്.

ലോകത്തിന്റെ വെളിച്ചവും പ്രത്യാശയും രക്ഷയുമായി ബേത്‌ലഹേമിലെ കാലിത്തൊഴുത്തിൽ പിറന്ന ക്രിസ്തു സകലജാതികളുടേയും ദൈവമാകുന്നു. രാത്രിയിൽ ആട്ടിൻകൂട്ടങ്ങൾക്കു കാവൽ കാത്ത് വെളിയിൽ പാർത്തിരുന്ന ഇടയന്മാർക്കു പ്രത്യക്ഷനായി ദൈവദൂതൻ നൽകിയ സന്ദേശം ലൂക്കോസിന്റെ സുവിശേഷത്തിലൂടെ നാം ഇങ്ങനെ വായിയ്ക്കുന്നു, 'ഭയപ്പെടേണ്ടാ,

സർവജനത്തിനും ഉണ്ടാകുവാനുള്ളൊരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു'. ക്രിസ്തു മനുഷ്യരാശിയുടെ മുഴുവൻ ദൈവമാകുന്നു.

ക്രിസ്തുമസ്സ് സ്നേഹത്തിന്റെ പെരുന്നാളാകുന്നു. 'നിങ്ങൾ തമ്മിൽത്തമ്മിൽ സ്നേഹിക്കേണം' എന്നു ക്രിസ്തു മനുഷ്യർക്കു നൽകിയ ലോകോത്തരമായ കൽപ്പനയെ അവഗണിച്ചു കളഞ്ഞതാകുന്നു, മനുഷ്യന്റെ ഇന്നത്തെ അധികം ജീവിതത്തകർച്ചകൾക്കും കുടുംബപ്രശ്നങ്ങൾക്കും ഭിന്നതകൾക്കും കലാപങ്ങൾക്കും അഭൂതപൂർവമായ സ്ത്രീപീഡനങ്ങൾക്കും കൊലപാതകങ്ങൾക്കുമൊക്കെയുള്ള മുഖ്യമായ കാരണം. ഇന്നു മനുഷ്യൻ ഏറെ ഭയപ്പെടുന്നതും മനുഷ്യനെത്തന്നെയാകുന്നു!

ക്രിസ്തുവിന്റെ സ്വർഗരാജ്യത്തിന്റെ അടിത്തറ അതിരും അയിത്തവുമില്ലാത്ത സ്നേഹമാകുന്നു! നെപ്പോളിയൻ ചക്രവർത്തി ഒരിയ്ക്കൽ പറഞ്ഞു, 'കരബലത്താൽ ഞാൻ സാമ്രാജ്യങ്ങളെ സ്ഥാപിച്ചു. യേശുക്രിസ്തുവോ സ്നേഹത്താൽ തന്റെ സാമ്രാജ്യത്തെ സ്ഥാപിച്ചു' എന്ന്. അതെ, ഇതാണു സത്യം. കോടാനുകോടി ജനഹൃദയങ്ങളിൽ സ്നേഹത്തിന്റെ സിംഹാസനങ്ങളിൽ ശോഭ പരത്തിക്കൊണ്ടു ക്രിസ്തു വാഴുന്നു. വിശുദ്ധയോഹന്നാൻ അവനെക്കുറിച്ച് ഇങ്ങനെ സാക്ഷീകരിച്ചിരിക്കുന്നു, 'ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു'.

ഇന്നു ലോകത്തിൽ നടന്നുകൊണ്ടിരിക്കുന്ന അധികം ക്രിസ്തുമസ്സ് ആഘോഷങ്ങളിലും ക്രിസ്തുവിന്റെ തിരുസാന്നിദ്ധ്യമോ ദൈവാത്മചൈതന്യങ്ങളോ ഇല്ല. കാലിത്തൊഴുത്തിൽ ജനിച്ച് മനുഷ്യവർഗത്തിന്റെ രക്ഷയ്ക്കു വേണ്ടി കാൽവരിയിലെ മരക്കുരിശിൽ പാപയാഗമായി അറുക്കപ്പെട്ട ദൈവപുത്രനായ ക്രിസ്തു എന്റേയും നിങ്ങളുടേയും ഹൃദയത്തിൽ വസിക്കുന്നില്ലെങ്കിൽ തിന്നും വീഞ്ഞു കുടിച്ചാഹ്ലാദിച്ചഹങ്കരിച്ചും ധനപ്പെരുമ കാണിച്ചുകൊണ്ടുമുള്ളൊരു ക്രിസ്തുമസ്സ് ആഘോഷം കൊണ്ടു ദൈവവിഷയമായിട്ട് ആർക്കും യാതൊരു പ്രയോജനവുമുണ്ടാക്കയില്ലെന്നു ഞാൻ ഇവിടെ പ്രത്യേകം എടുത്തുപറഞ്ഞുകൊള്ളട്ടെ.

എന്താണു ക്രിസ്തുമസ്സ്? മനുഷ്യനും ഉടയവനായ ദൈവവുമായുള്ള നിതാന്തസുന്ദരമായ ബന്ധം തന്നെയല്ലേ അതിന്റെ അന്തസ്സത്ത? ആണ്ടിലൊരിക്കലായിട്ട് തിന്നുകുടിച്ചു കൂത്താടുന്ന വെറുമൊരു ചടങ്ങായി അവസാനിക്കാതെ, വിശ്വാസികൾ ഹൃദയത്തിൽ ആദരിച്ചാരാധിക്കുന്ന പരിപാവനമായ ഒരു പെരുന്നാളായി ക്രിസ്തുമസ്സ് ആഘോഷിയ്ക്കപ്പെടട്ടെ എന്നു ഞാൻ ആശംസിയ്ക്കുന്നു.

'എന്നിൽ വസിപ്പിൻ; ഞാൻ നിങ്ങളിലും വസിക്കും': അതാണു മനോഹരമായ ആ ബന്ധത്തിനു വേണ്ടിയുള്ള അവന്റെ വ്യവസ്ഥ. വിശുദ്ധയോഹന്നാൻ ദൈവത്തെ സ്നേഹമായി വിശേഷിപ്പിക്കുകയും ചെയ്തിരിക്കുന്നു. 'എന്റെ സ്നേഹത്തിൽ വസിപ്പിൻ' എന്നു വീണ്ടും ആ സ്നേഹനിധി മനുഷ്യരാശിയെ ആഹ്വാനം ചെയ്യുന്നു.

തന്റെ ഐഹികജീവിതത്തിൽ ക്രിസ്തു ചെയ്ത എല്ലാ കാരുണ്യപ്രേഷിത ശുശ്രൂഷകളും തന്റെ അനുയായികളും അനുഷ്ഠിച്ചു ജീവിയ്ക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. എന്തൊക്കെ നന്മകളാകുന്നു അവൻ ചെയ്തതെന്നു നമുക്കൊന്നോടിച്ചുനോക്കാം. അവൻ പ്രാർത്ഥനാജീവിതം നയിച്ചു. സ്വർഗരാജ്യപ്രവർത്തനങ്ങളിൽ വ്യാപൃതനായിരുന്നപ്പോഴും അവൻ മനുഷ്യന്റെ ദുഃഖങ്ങളിലേയ്ക്കും വിവിധങ്ങളായ പ്രശ്നങ്ങളിലേയ്ക്കും കടന്നുചെന്നു. ദുഷ്പ്രഭുത്വത്തേയും അധർമ്മങ്ങളേയും കപടഭക്തിയേയുമൊക്കെ അവൻ അപലപിച്ചു. വിശന്ന ആയിരങ്ങൾക്ക് അവൻ ആഹാരം നൽകി. രോഗികളേയും കുരുടന്മാരേയും കുഷ്ഠരോഗികളേയുമൊക്കെ അവൻ തൊട്ടു സൗഖ്യമാക്കി. ലാസറിന്റെ മരണത്തിൽ അവൻ കണ്ണുനീർ വാർത്തു. ശത്രുക്കളെപ്പോലും അവൻ സ്നേഹിച്ചു! ചുങ്കക്കാരോടും മുക്കുവന്മാരോടും പാപികളോടുമൊക്കെ അവൻ സംസർഗ്ഗം പുലർത്തി. അവൻ അവരോടൊത്ത് ആഹാരം കഴിയ്ക്കുകയും അന്തിയുറങ്ങുകയും ചെയ്തു. അരക്കാശിനു പോലും മുതലില്ലാത്തവനായും തല ചായ്ക്കുവാൻ സ്വന്തായൊരിടം ഇല്ലാത്തവനായും മറ്റുള്ളവർക്കു വേണ്ടി അവൻ ഭൂമിയിൽ ജീവിച്ചു! ധനവാനായ ശീമോന്റെ

മണിമാളികയിൽ വെച്ച് ശിഷ്യന്മാരുടെ കാൽപ്പാദങ്ങൾ കഴുകിയ സർവലോകത്തിന്റേയും ഉടയവനായ ദൈവത്തിന്റെ അഥവാ മനുഷ്യപുത്രന്റെ കമനീയമായ വിനയവും അത്ഭുതകരം തന്നെയല്ലേ? ലോകമെമ്പാടുമുള്ള ക്രൈസ്തവവിശ്വാസികൾ സഹർഷം ഇന്നാഘോഷിക്കുന്ന ക്രിസ്തുമസ്സിന്റേയും മഹത്വത്തിന്റെ രാജാധിരാജാവായ ക്രിസ്തുവിന്റേയും ഇതിവൃത്തം ഇതാകുന്നു. പത്രാധിപന്മാർക്കും ഇതിന്റെ ഇതര പത്രപ്രവർത്തകർക്കും എല്ലാ മാന്യവായനക്കാർക്കും Merry Christmasഉം സന്തുഷ്ടപൂർണമായൊരു പുതുവർഷവും നേരുകയും ചെയ്തുകൊള്ളുന്നു. എല്ലാറ്റിനും മതിയായ ദൈവകൃപ എന്നും എന്നേയ്ക്കും നമ്മോടുകൂടെ ഉണ്ടാകുമാറാകട്ടെ.

---